# പള്ളികഥകൾ

## മിനികഥകൾ അറുപത്തിരണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ വളരെ തിരക്കിലാണെങ്കിലും കഥ പറയാൻ വളരെ സന്തോഷവാനാണ്. പെട്ടന്ന് പെട്ടന്ന് പ്രസിദ്ധീകരിക്കാനും അതുപോലെ അത് വായിക്കാനും ധാരാളം ആളുകൾ ഉണ്ടെന്നറിയുമ്പോൾ ആക്കാണെങ്കിലും കഥ പറയാൻ കൂടുതൽ താല്പര്യം കാണുമല്ലോ.

# ഡൈബറ്റിക്കച്ചൻ

അമേരിക്കയിലെ ഒരു ചെറിയ പട്ടണത്തിൽ നടന്ന സംഭവമാണിത്. ഏകദേശംഅറുപത്തിയെട്ടു വയസ്സുള്ള നൈനാനച്ചൻ വളരെ കാലമായി ഡൈബറ്റിക്കിന്റെ പിടിയിലാണ്. ആദ്യമാദ്യം ഗുളികകൾ കഴിച്ചു നോക്കി. പിന്നീടത് ഇൻസുലിനിലായി. അതും ഒരു ദിവസം മൂന്നു പ്രാവശ്യം. ഭാര്യ റാഹേലമ്മ നേഴ്സാണെങ്കിലും അച്ചൻ തന്നെ കുത്തിവെക്കണം. റാഹേൽ കൊച്ചമ്മ എല്ലാ ദിവസവും രണ്ടും മൂന്നും ജോലി ചെയ്താണ് ഈ വാദ്ധ്യകൃകാലത്തും ജീവിക്കുന്നത്. അവർ ഒരു മിനിറ്റ് വെറുതെ ഇരിക്കത്തില്ല. വീട്ടിലാണെങ്കിലും അഹോരാത്രം പണിയോടു പണി തന്നെ. കൊച്ചമ്മയ്ക്കും അറുപത്തിയാറു വയസുണ്ടെങ്കിലും ആരും കണ്ടാൽ അത്ര പ്രായം തോന്നിക്കത്തില്ല. അവക്ക് ഈ പറയുന്ന വലിയ അസുഖങ്ങൾ ഒന്നുമില്ല.

അച്ചന് എപ്പോഴും എഴുത്തും വായനയുമാണ്. തന്മൂലം ധാരാളം അറിവുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം വളരെ അത്ഥഗാഭീര്യമുള്ളതും വളരെ വിജ്ഞാനം നൽകുന്നതുമാണ് കൂടാതെ അദ്ദേഹത്തിന്റെ ചൊല്ലും ആരാധനയും വളരെ ശ്രുതിമധുരമാണ്. തന്മൂലം വളരെ ദൂരെ നിന്നു പോലും വളരെയധികം ആൾക്കാർ അദ്ദേഹത്തിന്റെ ആരാധനയിൽ പങ്കു ചേരാനായി അതിരാവിലെ തന്നെ പിഞ്ചുകുഞ്ഞുങ്ങളേയും എടുത്തു കൊണ്ട് വരാറുണ്ട്. ഇടവക ജനങ്ങൾ പറയുന്നത് അച്ചന്റെ ആരാധന കാണുന്നതും കേൾക്കുന്നതും വളരെ ധന്യമാണെന്നാണ്.

ഇടവകയിൽ നിന്നും അച്ചൻ ശമ്പളമൊന്നും വാങ്ങാറില്ല. ഏകദേശം നാല്പതു വഷമായി അച്ചൻ അമേരിക്കയിൽ വന്നിട്ട്. ഇതുവെരെ അദ്ദേഹം വേറെ ഒരു ജോലിക്കും പോയിട്ടില്ല. ഇത്രയും കാലവും അദ്ദേഹം ഈ ഒരൊറ്റ ഇടവകയിൽ മാത്രമാണ് സേവനം ചെയ്തിട്ടുള്ളത്. കൂടാതെ ഇടവകകാർ ആരിൽ നിന്നും ഒന്നും ഇതുവെരെ കൈപറ്റിയിട്ടില്ല. ഇപ്പോൾ കൊച്ചമ്മയ്ക്ക് സോഷ്യൽ സെക്യൂരിറ്റി കിട്ടാൻ തുടങ്ങിയപ്പോൾ മുതൽ അച്ചനും നല്ല ഒരു തുക കിട്ടുന്നുണ്ട്.

അച്ചന് രണ്ടാൺമക്കളാണ്. വളരെ വഷങ്ങൾക്കു മുമ്പു തന്നെ അവരുടെ വിവാഹവും കഴിഞ്ഞതാണ്. മൂത്തമകൻ ഒരച്ചനാണെങ്കിലും അദ്ദേഹം നേഴ്സായി ജോലി ചെയ്യുന്നുണ്ട്. നേഴ്സിംഗിൽ അദ്ദേഹം മാസ്റ്റേഴ്സ് എടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയും നേഴ്സായി ജോലി ചെയ്യുന്ന ബി എസ്സി നേഴ്സാണ്. രണ്ടാമത്തെ മകൻ ഡോക്ടറാണ്. അദ്ദേഹത്തിന്റെ ഭാര്യ ഫാർമസിസ്റ്റായി ജോലി ചെയ്യുന്ന എം ഫാം പാസായിട്ടുള്ളതാണ്. ഈ മക്കൾ രണ്ടു പേരും അവരുടെ കുടുംബവും അമേരിക്കയിൽ തന്നെയാണെങ്കിലും നമ്മുടെ നൈനാനച്ചന്റെ അടുക്കൽ നിന്നും വളരെ ദൂരത്തിലാണ്.

സാധാരണ ഓർത്തഡോക്സിലെ പുരോഹിതന്മാരെല്ലാം എപ്പോഴും കൈ മലത്തി വെച്ചിട്ടുള്ളവരും അപൂവ്വമായി മാത്രം കൈ കമഴ്ത്തിപിടിക്കുന്നവരുമാണ്. എന്തായാലും നൈനാനച്ചന് ഇടവകയിൽ നിന്ന് ഒരു പ്രയാസങ്ങളും ഇതു വെരെ ഉണ്ടായിട്ടില്ല. ദീഘകാലം അദ്ദേഹവും കുടുംബവും പള്ളിയോട് ചേന്നു കിടക്കുന്ന പാഴ്സനേജിലായിരുന്നു താമസിച്ചതെങ്കിലും ഇപ്പോൾ വളരെക്കാലമായി സ്വന്തമായി വാങ്ങിയ ഒരു വലിയ വീട്ടിലാണ് താമസിക്കുന്നത്. കൊച്ചമ്മക്കു കിട്ടുന്ന പണം വളരെയധികം കരം കൊടുക്കുന്നതുകൊണ്ടായിരുന്നു വലിയ വീട് വാങ്ങിച്ചതെങ്കിലും പെട്ടന്ന് അതിന്റെ പണം കൊടുത്തു തീക്കാനായതുകൊണ്ട് വേറൊരു വീട് വാങ്ങിയിട്ട് പഴയ വീട് വാടകയ്ക്ക് ഇടവകയിലെ തന്നെ ഒരു കുടുംബത്തിന് കൊടുത്തിരിക്കുകയാണ്. കൂടാതെ പള്ളിയുടെ പാഴ്സനേജിൽ പള്ളിയിലെ ഒരു പ്രായം ചെന്ന ശുശ്രൂഷക്കാരനും കുടുംബത്തിനും താമസിക്കാൻ കൊടുത്തിരിക്കുകയാണ് സൗജന്യമായിട്ട്. അവക്ക് മക്കളില്ല. അവർ രണ്ടു പേരും ഒരു കമ്പിനിയിൽ വളരെ തുഛമായ തുക കിട്ടി ജീവിക്കുന്നവരാണ്. പള്ളിവക പുരയിടം അവരാണ് വൃത്തിയാക്കുന്നത്. കൂടാതെ പള്ളിയ്ക്കുവും മദ്ബഹായും പള്ളിവക കക്കൂസും എല്ലാം അവരാണ് വൃത്തിയാക്കുന്നത്. കൂടാതെ എപ്പോഴും അച്ചന്റെ കൂടെ മദ്ബഹായിലെ എല്ലാ തിരുകമ്മ്ത്തിനും അയാൾ എപ്പോഴും ഉണ്ട്. തന്മൂലം പള്ളിക്കാക്ക് ആ വക കാര്യങ്ങളിൽ യാതൊരു തലവേദനയുമില്ല.

നൈനാനച്ചൻ ഇത്രയുമധികമായി ഡൈബറ്റിക്കിന്റെ പ്രയാസങ്ങൾ എല്ലാം ഉണ്ടെങ്കിലും ഉപവാസത്തിലും പ്രാത്ഥനയിലും വളരെ നിഷ്ഠയിലാണ്. തന്മൂലം രോഗികളിന്മേൽ അച്ചൻ തലേതൊട്ട് പ്രാത്ഥിച്ചാൽ ഉടനെ അവരുടെ രോഗങ്ങൾക്ക് ശമനം വന്നതായിട്ട് പലരും പറയുന്നുണ്ട്. അതുകൊണ്ട് ഇടവകയിലെ എല്ലാവരും അച്ചനോട് വളരെ ഭയഭക്തിയാണ്. അച്ചനോട് ആരും കലഹിക്കാനും പോകത്തില്ല.

ഒരു ദിവസം അച്ചൻ വിശുദ്ധ കുബ്ബാന ചൊല്ലികൊണ്ടിരിക്കെ ബോധം കെട്ടു വീണു. വീണല്ല, അതിനു മുമ്പായി തൊട്ടു പിന്നിൽ കുബ്ബാനയ്ക്കു കൂടിയിരുന്നാൾ കൈയ്യിൽ താങ്ങി. (കുബ്ബാനയ്ക്കു കൂടുകയെന്നു ഓർത്ത്ഡോക്സ് സഭയിൽ പറയുന്നത്, വിശുദ്ധ കുബ്ബാന നടക്കുമ്പോൾ മദ്ബഹായിൽ ധൂപകുറ്റി വീശുന്ന ആളിനെയാണ്)ഉടനെ കട്ടൻ ഇട്ടു. കൊച്ചമ്മ ഉടനെ തന്നെ മദ്ബഹായുടെ സെസഡ്മുറിയിലേക്ക് ചെന്ന് അച്ചനെ അങ്ങോട്ടു കൂട്ടികൊണ്ടു പോയി, കൊച്ചമ്മയുടെ പക്കൽ കരുതയിരുന്ന ഓറഞ്ചു ജ്യൂസ് നിബന്ധമായി അച്ചനെ കുടിപ്പിച്ചു. അവരുടെ കയ്യിൽ കരുതിയിരുന്ന പഞ്ചസാര അളവു നോക്കുന്ന യന്ത്രം വെച്ച് ആദ്യമായി പഞ്ചസാരയുടെ അളവു പരിശോധിച്ചിട്ടായിരുന്നു അവസരോചിതമായി പെരുമാറിയത്. ഒരല്പനേരം അച്ചൻ വിശ്രമിച്ചിട്ട് അച്ചൻ ബാക്കി കാര്യം ചെയ്തു തീത്തു.

അപ്പം വാഴ്ത്തലും ഖണ്ഡിപ്പിന്റെ ശുശ്രൂഷയും കഴിഞ്ഞ് ബസ്മൽക്കായുടെ സമയമായിരുന്നതുകൊണ്ട്, പെട്ടന്ന് പടിഞ്ഞാറേക്കുള്ള എഴുന്നള്ളിപ്പും കഴിഞ്ഞ് എല്ലാ ഒരുങ്ങി വന്ന വിശ്വാസികൾക്ക് വിശുദ്ധ കുബ്ബാന പെട്ടന്ന് കൊടുത്തു തീത്ത് അച്ചൻ കാപ്പായൂരിവെച്ച് വിശ്രമിച്ചു.

അച്ചൻ വീഴുന്നതു കണ്ട് മദ്ബഹായിലുണ്ടായിരുന്ന ശുശ്രൂകവൃന്ദത്തിന് പെട്ടന്ന് പരിഭ്രാന്തി ഉണ്ടായെങ്കിലും കൊച്ചമ്മയുടെ അവസരോചിതമായ പെരുമാറ്റം കൊണ്ട് ഉടനെ ആംബുലൻസു വരുത്താതെയും എമർജൻസിറൂമിൽ കൊണ്ടു പോകാതെയും കഴിച്ചു കൂട്ടി. അന്നേരവും ഇത്രയും നിഷ്ഠയിൽ ജീവിച്ചിരുന്ന അച്ചന് കൊച്ചമ്മയെ അനുസരിക്കാനോ ജ്യൂസ് കുടിക്കാനോ വഴങ്ങിയില്ലങ്കിലും പള്ളിയിൽ വലിയ ഒരു പ്രശ്നം ഉണ്ടാക്കാതിരിക്കാനായി, കൊച്ചമ്മയെ അനുസരിച്ചത്മദ്ബഹായിലുണ്ടായിരുന്ന ശുശ്രൂഷകവൃന്ദത്തെ അത്ഭുതപ്പെടുത്തി.